ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) ഇല്ല.

(ബി) ഈ ചോദ്യം ഉദിക്കുന്നില്ല.

(സി) അന്വേഷണത്തിനാവശ്യമില്ല.

മദ്യവർജ്ജനം

*വ്യ ക ക. (ക വ) ശ്രീമതി ദേവകീഗോപിദാസ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി പറയുമോ.—

(എ) മദ്യവർജ്ജനം ഏർപ്പെടുത്തിയ സ്ഥലങ്ങളിൽ മദ്യമേഖലകളെ അപേക്ഷിച്ച് സമാധാനവും ശാന്തതയും സൈരതയും കൂടുതലായി ഉണ്ടെന്നുള്ളതു ശരിയാണോ;

(ബി) മദ്യവർജ്ജനമേഖലകളിൽ ക്രിമിനൽ കേസുകളും ബഹളങ്ങളും വളരെ കുറവാണെന്നുള്ളതും ശരിയാണോ?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) ശരിയാണ്.

(ബി) ശരിയാണ്.

ശ്രീ. സി. വി. ഇയ്യു: മദ്യനിരോധനമേഖലകളിൽ ആളുകൾപോയി കുടികിടക്കുന്നതുകൊണ്ടു അവിടെ വിഷമങ്ങൾ ഉണ്ടാകുന്നതായി അറിയാമോ?

Mr. Speaker: That question is not allowed.

മദ്യവർജ്ജനം

*വ്യ ക ഛ. (ക ൻ) ശ്രീമതി ദേവകീഗോപിദാസ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി പറയുമോ.—

(എ) മദ്യവർജ്ജനം പരിപൂർണ്ണ വിജയത്തിൽ വരുത്തണമെന്ന് ഗവൺമെന്റ് ആത്മാർത്ഥമായി ആഗ്രഹിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്രനാൾകൊണ്ട് പരിപൂർണ്ണമാക്കണമെന്നു വിചാരിക്കുന്നു എന്ന് പറയാമോ; അതിലേക്ക് ഗവൺമെന്റിന്റെ മുമ്പാകെ ഒരു ക്ലിപ്ത പദ്ധതിയുണ്ടോ; ഉണ്ടെങ്കിൽ എന്ത്;

(സി) മദ്യമേഖലകളിൽ ഇരിക്കുന്ന പല ഉദ്യോഗസ്ഥന്മാരും മദ്യപാനം ചെയ്യുകൊണ്ട് പൊതുജനോപദ്രവകരങ്ങളായ പല പ്രവൃത്തികളും നടത്തുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) ഉണ്ട്.

(ബി) ഇന്ന കാലാവധിക്കുള്ളിൽ എന്നു തീർച്ചപറയുവാൻ നിവൃത്തിയില്ല. കഴിയുന്നതുംവേഗം മദ്യനിരോധനം പൂർണ്ണമാക്കണമെന്നാണ് ഗവൺമെന്റിന്റെ നയം

(സി) ഇല്ല.

ശ്രീമതി ദേവകീഗോപിദാസ്: അങ്ങിനെ മദ്യപാനികളായ ഉദ്യോഗസ്ഥന്മാർ മദ്യനിരോധനമേഖലകളിൽ ഇരിക്കുന്നില്ലെന്നാണോ പറയുന്നത്?

Mr. Speaker: That question is disallowed.

LIBRARY ARCHIVES Kerala Legislative Assembly